**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 911** **07-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ പഠനമുറി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനമുറി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് ഇതിന്റെ സഹായം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | സംസ്ഥാനത്തെ 350 പട്ടികവർഗ്ഗ കോളനികളിൽ 350 സാമൂഹ്യപഠന മുറികൾ പ്രവർത്തിച്ചു വരികയാണ്. ചുരുങ്ങിയത് 20 പട്ടികവർഗ്ഗ വിദ്യാർത്ഥികളെങ്കിലും ഉള്ള സങ്കേതങ്ങളിലാണ് സാമൂഹ്യപഠനമുറികൾ സജ്ജീകരിച്ചിട്ടുള്ളത്. ഈ സാമ്പത്തികവർഷം 5,13,46,216/- രൂപ ഈ ആവശ്യത്തിനായി അനുവദിച്ചിട്ടുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പ് മുഖേന സാമൂഹ്യ പഠനമുറി, പദ്ധതി നടപ്പിലാക്കുന്നില്ല. വീട്ടുകളോട് ചേർന്ന് പഠനമുറികളാണ് നിർമ്മിച്ച് നൽകുന്നത്. |

സെക്ഷൻ ഓഫീസർ